ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് വിൽപ്പന നികുതി

9 (*687) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ഔട്ട്ബോർഡ് എഞ്ചിനുകൾക്ക് 12 ശതമാനം വിൽപ്പന നികുതി അവസാനമായി ഏർപ്പെടുത്തിയത് എന്നാണ് ;

(ബി) ഇപ്രകാരം നികുതി വർദ്ധിപ്പിച്ചതിന് കാരണം വ്യക്തമാക്കാമോ ;

(സി) ഈ വർഷത്തെ ബഡ്ജറ്റിൽ ഈ നികുതി കുറവു ചെയ്യുക ഉണ്ടായോ ;

(ഡി) വിൽപ്പന നികുതി വർദ്ധിപ്പിച്ചതുമൂലം മത്സ്യത്തൊഴിലാളികൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഈ നികുതി കുറവു ചെയ്യുവാൻ നടപടി കൈക്കൊള്ളുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) 2000 ജനുവരി 1-ാം തീയതി.

(ബി) അഖിലേന്ത്യാ തലത്തിൽ ഏകീകൃത വില്പന നികുതി 2000 ജനുവരി 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതുകൊണ്ട്.

(സി & ഡി) വർദ്ധനവുമൂലം മത്സ്യത്തൊഴിലാളികൾക്ക് വന്നിട്ടുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി 2000-2001 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ, മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള അപ്പെക്സ് സഹകരണ സംഘങ്ങൾ അവയുടെ അംഗങ്ങൾക്ക് വിൽക്കുന്ന 15 എച്ച്.പി. യിൽ താഴെ വരെയുള്ള ഔഡ്ബോർഡ് എഞ്ചിനുകളെ വില്പന നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

തൊഴിലധിഷ്ഠിത തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ

10 (*688) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിലധിഷ്ഠിത തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly